പദ്ധതിയുടെ പേര്	ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക (രൂപ കോടി)			എ.ഐ.ജി.പി. പ്രകാരം ചെലവഴിച്ച തുക		
	96-97	97-98	98-99	96-97	97-98	98-99
കല്ലട ജലസേചന പദ്ധതി	33.30	26.78	21.00	10447	13.75	2.192
മൂവാറ്റുപുഴ നദീതട പദ്ധതി	-	-	44.54	-	-	18.22

(ഡി) ഗൈഡ് ലൈൻസ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ)&(എഫ്) ഇക്കാര്യത്തിൽ ഇവിടെ വിവരം ലഭ്യമല്ല.

49 (445) അരുവിക്കര പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

<u>ശ്രീ. പാലോട് രവി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ അരുവിക്കര പഞ്ചായത്തിൽ മൈലം, ചെറിയകൊണ്ണി, ഭഗവതിപുരം വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പണി പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഉടനെ കമ്മീഷൻ ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(സി) പണി പൂർത്തിയായിട്ടില്ലെങ്കിൽ അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)&(സി) ഈ വർഷം ജൂലൈ മാസത്തിൽ പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്.

50 (446) കമ്മീഷൻ ചെയ്ത ജലസേചന പദ്ധതികൾ

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പൂർണ്ണമായും ഭാഗീകമായും കമ്മീഷൻ ചെയ്ത എത്ര ജലസേചന പദ്ധതികളുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പൂർണ്ണമായി കമ്മീഷൻ ചെയ്ത പദ്ധതികളിൽ ഓരോന്നിൽ നിന്നും എത്ര സ്ഥലത്തേയ്ക്ക് ജലസേചനം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

---

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(സി) വർഷത്തിൽ എല്ലാ സമയത്തും ജലസേചനം നടത്തുന്നതിനുള്ള വെള്ളം ഇവയിൽ നിന്നും ലഭ്യമാണോ എന്നു വ്യക്തമാക്കുമോ;

(ഡി) ഇവയിൽ ഓരോന്നിലും ഇപ്പോൾ ലഭ്യമായ വെള്ളത്തിന്റെ അളവെത്ര;

(ഇ) കഴിഞ്ഞവർഷം ഇതേസമയത്തു ഇവയുടെ ജലസംഭരണികളിൽ എത്ര വെള്ളമുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(എഫ്)ഭാഗീകമായി കമ്മിഷൻ ചെയ്ത പദ്ധതികൾ മുഖേന എത്ര സ്ഥലത്ത് ജലസേചനം നടത്തുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തുവൻകിട ഇടത്തരം മേഖലയിൽ ജലസേചന പദ്ധതികളൊന്നുംതന്നെ പൂർണ്ണമായി കമ്മീഷൻ ചെയ്തിട്ടില്ല. ഇടത്തരം മേഖലയിൽപ്പെട്ട കണക്കൻകടവിലെ ബ്രിഡ്ജ് കം റഗുലേറ്റർ ഭാഗികമായി കമ്മീഷൻ ചെയ്തു.

(ബി)-(ഇ) ഉദിക്കുന്നില്ല.

(എഫ്) കണക്കൻകടവ് ബ്രിഡ്ജ് കം റഗുലേറ്ററിന്റെ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി എങ്കിലും ഷട്ടറുകൾ ഇടാത്തതുകാരണം ജലസേചനം ലഭ്യമായിട്ടില്ല.

51 (447) ത്വരിത ഗ്രാമീണ പദ്ധതി

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്വരിത ഗ്രാമീണ പദ്ധതിയിൻകീഴിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു;

(സി) അംഗീകാരം ലഭിച്ച പദ്ധതികളുടെ മൊത്തം മതിപ്പു ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ പദ്ധതിയും ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു; ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതിയിൻകീഴിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവയുടെ ഓരോന്നിന്റെയും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും പറയുമോ?

ഉത്തരം

(എ) ത്വരിത ഗ്രാമീണ പദ്ധതിയിൻകീഴിൽ തീരെ വെള്ളമില്ലാത്തതും 10 എൽ.പി.സി.ഡി. വരെ (പുതുക്കിയ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് എൽ.പി.സി.ഡി. വരെ) വെള്ളമുള്ളതുമായ പ്രദേശങ്ങളിൽ 40 എൽ.പി.സി.ഡി. വെള്ളം നൽകത്തക്കവിധത്തിലുള്ള മേജർ ഗ്രാമീണ പദ്ധതികളും ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly